കൊച്ചി കപ്പൽനിർമ്മാണകേന്ദ്രം

* 89. [263] ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി കപ്പൽനിർമ്മാണകേന്ദ്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കുവാൻ സാധ്യതയുണ്ടോ ;

(ബി) തൽസംബന്ധമായി കഴിഞ്ഞ ആറു മാസത്തിനുള്ളിൽ കേന്ദ്രവുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഇതേപ്പറ്റി ഗവണ്മെൻറിനു് വിവരമൊന്നും ലഭിച്ചിട്ടില്ല.

(ബി) ഇല്ല.

ഫണ്ടിന്റെ അലോട്ട്മെൻറ്

* 90. [264] ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. ഡബ്ലിയു. ഡി. മെയിൻറനൻസിലിരിക്കുന്ന റോഡുകളുടെ ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ റോഡു് മെയിൻറനൻസിനുള്ള ഫണ്ടു് ഓരോ ഡിവിഷനും അലോട്ടു ചെയ്യുക എന്നുള്ളതാണോ ഗവണ്മെൻറിന്റെ നയം, അല്ലെങ്കിൽ അതിനുള്ള കാരണമെന്തു് ;

(ബി) ഈയാണ്ടിലെങ്കിലും ഈ അടിസ്ഥാനത്തിൽ ഫണ്ടു് അലോട്ടു് ചെയ്യാൻ ദയവുണ്ടാകുമോ ;

(സി) ടാർക്രീറ്റു് ചെയ്യാത്തതും പി. ഡബ്ലിയു. ഡി. മെയിൻറനൻസിൽ ഇരിക്കുന്നതുമായ റോഡുകളും വളരെയധികമുള്ള ഡിവിഷനുകൾക്കു് ടാർക്രീറ്റിംഗ് കൂടുതലായി നടത്താൻ സ്പെഷ്യൽ അലോട്ടുമെൻറു് നടത്താൻ ദയവുണ്ടാകുമോ ? ഇല്ലെങ്കിൽ എന്തുകൊണ്ടു് ?

പൊതുമരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ) :

(എ, ബി) ദൈർഘ്യം മാത്രമല്ല, ഗതാഗതബാഹുല്യം, പ്രാധാന്യം മുതലായ വസ്തുതകൾകൂടി കണക്കിലെടുത്താണു് റോഡുകൾക്കു് മെയിൻറനൻസു് ഗ്രാൻറു് അനുവദിക്കുന്നതു്.

(സി) ടാർക്രീറ്റിംഗ് മെയിൻറനൻസു് ജോലിയിൽപെടുന്നതല്ല, ഒറിജിനൽ വർക്കാണു്. അതുകൊണ്ടു് ടാർക്രീറ്റു് ചെയ്യാത്ത റോഡുകൾക്കു് അത്തരം പണി ചെയ്യുന്നതിനു് ബഡ്ജറ്റിൽ പ്രത്യേകമായി തുക അനുവദിക്കേണ്ടതാണു്.

ധാതുമണൽനിക്ഷേപം

* 91. [267] ശ്രീ. ആർ. എസ്. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാനത്തുള്ള ധാതുമണൽ നിക്ഷേപമാകെ കേന്ദ്രഗവണ്മെൻറിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരാനുള്ള വല്ല നീക്കങ്ങളുമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതേപ്പറ്റിയുള്ള സംസ്ഥാനഗവണ്മെൻറിന്റെ നിലപാടെന്താണെന്നു് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly